**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 844** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ കോളനികളിലെ പോഷകാഹാര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഷാഫി പറമ്പിൽ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ കോളനികളിലെ കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികവർഗ്ഗ കോളനികളിലെ കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. ജനനി ജന്മരക്ഷാ പദ്ധതി<br><br>2. ഭക്ഷ്യസഹായ പദ്ധതി<br><br>ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് മുൻഗണന നൽകി ഭക്ഷ്യസഹായ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>3. കമ്മ്യൂണിറ്റി കിച്ചൻ<br><br>വയനാട്ടിലും, അട്ടപ്പാടിയിലും കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൺ നടപ്പിലാക്കി വരുന്നു.<br><br>4. വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീ-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മോഡൽ പ്രീ-സ്കൂളുകൾ എന്നിവിടങ്ങളിൽ പോഷകമൂല്യങ്ങളുള്ള ഭക്ഷണം വിതരണം ചെയ്തുവരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിൽ ആണെന്നും വ്യക്തമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മേൽ പദ്ധതികൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നം. | പദ്ധതി | 2021-22 | 2022-23 |
|---|---|---|---|
| 1 | ജനനി ജന്മരക്ഷ | 26,50,00,000/- രൂപ | 5,38,91,000/- രൂപ |
| 2 | ഭക്ഷ്യ സഹായ പദ്ധതി | 21,45,62,340/- രൂപ | 8,80,00,000/- രൂപ |
| 3 | കമ്മ്യൂണിറ്റി കിച്ചൻ | 1,00,00,000/- രൂപ | 3.37 കോടി രൂപ ഈയിനത്തിൽ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 4 | മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീമെട്രിക് ഹോസ്റ്റൽ, മോഡൽ പ്രീ-സ്കൂൾ ഭക്ഷണ വിതരണം | 43,67,62,254/- രൂപ | 7,91,15,310/- രൂപ |

സെക്ഷൻ ഓഫീസർ